**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374** **09-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. സുമോദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ലോകബാങ്ക് സഹായത്തോടെയുള്ള സ്റ്റാർസ് പദ്ധതിയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. സ്റ്റാർസ് പദ്ധതിയ്ക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള 6 സംസ്ഥാനങ്ങളിലെ പഠനബോധന പ്രക്രിയയും പഠന നേട്ടങ്ങളും ശാക്തീകരിക്കുക (Strengthening teaching Learning and Results for States) എന്ന പദ്ധതി കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ പൂർത്തിയായി വരുന്നു. ഈ പദ്ധതി ലോക ബാങ്കിന്റെ സഹായത്തോടെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പുവഴി സമഗ്ര ശിക്ഷാ കേരളയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസം, പഠന വിലയിരുത്തൽ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ, അധ്യാപക ശാക്തീ കരണം വഴിയുള്ള സ്കൂൾ നേതൃത്വവും പഠനബോധന പ്രക്രിയയുടെ ശാക്തീ കരണവും, തൊഴിൽ നൈപുണ്യവും വൊക്കേഷണൽ വിദ്യാഭ്യാസവും വിദ്യാഭ്യാസ മാനേജ്മെന്റും നിർവ്വഹണവും എന്നീ മേഖലകളിലാണ് സാമ്പത്തിക അക്കാദമിക സഹായങ്ങൾ ലഭ്യമാകുന്നത്. സ്റ്റാർസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2021-22 വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി അംഗീകാരത്തിനായി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏകപക്ഷീയമായി പ്രഖ്യാപിച്ച വിദ്യാഭ്യാസ നയം 2020 പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമാണോ സ്റ്റാർസ് പദ്ധതി എന്ന് വ്യക്തമാക്കുമോ; പാഠ്യ പദ്ധതി നിർണ്ണയാവകാശം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കേന്ദ്ര വിദ്യാഭ്യാസ നയത്തിൽ പ്രഖ്യാപിച്ച ചില പദ്ധതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പാഠ്യപദ്ധതി നിർണ്ണയാവകാശം കേന്ദ്രം ഏറ്റെടുക്കുകയാണെങ്കിൽ സംസ്ഥാനാ വശ്യങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നതിൽ പ്രയാസം നേരിടുമെന്ന് കരുതുന്നു. ഇക്കാര്യത്തിലുള്ള കേന്ദ്രീകൃത സമീപനം ദോഷകരമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നോ? | (സി) | സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ